**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2343

13.2.2013 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹനവകുപ്പിൽ ജീവനക്കാരുടെ കുറവ്

ചോദ്യം
ശ്രീമതി കെ. എസ്. സലീഖ:

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണം ഇപ്പോൾ എത്ര; പ്രതിമാസം എത്ര വാഹനങ്ങളാണ് ശരാശരി പുതുതായി നിരത്തിലെത്തുന്നത്; ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്ട്രേഷൻ നടക്കുന്നത് ഏത് ജില്ലയിൽ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 30-01-2013 വരെ 75,30,430 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിമാസം ശരാശരി 68,000 വാഹനങ്ങൾ പുതുതായി നിരത്തിലെത്തുന്നു. ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടക്കുന്നത് എറണാകുളം ജില്ലയിലാണ്. |
| (ബി) | നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള പ്രവർത്തനം ജീവനക്കാരുടെ അഭാവംമൂലം പാതിവഴിയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ;വിശദമാക്കുമോ; | (ബി) | ജീവനക്കാരുടെ അഭാവം നികുതി പിരിവിന്റെ കാര്യക്ഷമതയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാനായി ബുധനാഴ്ച ദിവസം ടാക്സേഷൻ ജോലികൾക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു. |
| (സി) | വാഹനനികുതി കുടിശ്ശികയിനത്തിൽ എന്ത് തുക 2013 ജനുവരി 31 വരെ പിരിച്ചെടുക്കാനുണ്ട്; വിശദമാക്കുമോ; | (സി) | വാഹന നികുതി കുടിശ്ശിക ഇനത്തിൽ 2012 ഡിസംബർ വരെ ആകെ 5,96,38,46,208/- രൂപ കുടിശ്ശികയുണ്ട്. ഇതിൽ 4,09,65,68,053/- രൂപ കെ.എസ്.ആർ.ടി.സി.യുടേതാണ്.ബാക്കി കുടിശ്ശിക 186,72,78,155/-രൂപയാണ്. 2012 ഡിസംബറിന് ശേഷമുള്ള കുടിശ്ശിക കണക്കാക്കിയിട്ടില്ല . |
| (ഡി) | ഫാസ്റ്റ് ട്രാക്ക് പോലെയുള്ള പല പദ്ധതികൾക്കും ഉദ്ദേശിച്ച വിജയം കണ്ടെത്താൻ ജീവനക്കാരുടെ അഭാവംമൂലം കഴിയുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പദ്ധതികൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ